LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കാസർഗോഡ് ജില്ലയിൽ യുവജനക്ഷേമ ബോർഡ് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

1. കേരളോത്സവം
2. ഏകദിന വനിതാ സെമിനാർ
3. വ്യക്തിത്വ വികസന ക്യാമ്പ്
4. ദിനാചരണങ്ങൾ (ലഹരി വിരുദ്ധ ദിനം, യുവജന ദിനം, പരിസ്ഥിതി ദിനം)
5. പ്രീ - ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം
6. ഗോത്രവർഗ്ഗ ശില്പശാല
7. നാടക ശില്പശാല
8. സംരംഭകത്വ വികസന പരിശീലന പരിപാടികൾ
9. ക്ലബ്ബുകൾക്കുള്ള സാമ്പത്തിക സഹായങ്ങൾ

(ബി) യുവജനക്ഷേമ ബോർഡ് മുഖാന്തിരം ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(സി) 2015-16 വർഷത്തിൽ യുവജനകാര്യ വകുപ്പ് കാസർഗോഡ് ജില്ലയിൽ ജൂൺ 5-ന് ലോക പരിസ്ഥിതി ദിനാചരണ പരിപാടി നടത്തി. കേരളോത്സവം മുതലായ പരിപാടികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട തയ്യാറെടുപ്പുകൾ നടന്നുവരുന്നു.

സ്റ്റുഡന്റ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർ പദ്ധതി

213(2205) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബഹുവകുപ്പുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റുഡന്റ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പട്ടികവർഗ്ഗ കോളനികളിലും ആദിവാസി വിദ്യാർത്ഥികൾക്കിടയിലും ആരോഗ്യ ശുചിത്വ ബോധവൽക്കരണം നടത്തുവാൻ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ സഹകരിക്കുന്ന ഏജൻസികളുടെ വിവരം അറിയിക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി ആരെയൊക്കെയാണ് ചുമതലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നല്കാമോ ;

(ഇ) പ്രസ്തുത പദ്ധതി എന്നുമുതൽ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ തെരഞ്ഞെടുക്കപ്പെട്ട 130 വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് ആരോഗ്യ പരിപാലനം, പ്രഥമ ശുശ്രൂഷ, വ്യക്തി ശുചിത്വം, സാമൂഹിക ശുചിത്വം, കുടിവെള്ള പരിപാലനം, ജീവിത ശൈലി രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധം, പുകവലി, പാൻപരാഗ്, പാൻമസാല, മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം കൊണ്ടുള്ള ദുഷ്യങ്ങൾ എന്നിവകളിൽ ആരോഗ്യവകുപ്പുമായി ചേർന്ന് പരിശീലനം നൽകി, മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഹെൽത്ത് ക്ലബ്ബുകൾ രൂപീകരിക്കുകയും പരിശീലനം ലഭിച്ച വിദ്യാർത്ഥികൾ മറ്റു വിദ്യാർത്ഥികൾക്കും പട്ടികവർഗ്ഗ സങ്കേതങ്ങളിലും ആരോഗ്യ പരിപാലന ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും ചെയ്യുകയാണ് സ്റ്റുഡന്റ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) ആലപ്പുഴ ഗവൺമെന്റ് റ്റി.ഡി. മെഡിക്കൽ കോളേജിലെ ഡോക്ടർമാർ മുഖേന, തെരഞ്ഞെടുക്കപ്പെട്ട 130 മോഡൽ റസിഡൻഷ്യൽ സ്കൂൾ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കും അദ്ധ്യാപകർക്കുമായി പരിശീലനം നടത്തി പട്ടികവർഗ്ഗ വികസന വകുപ്പിലെ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളിലും പ്രസ്തുത പരിശീലനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ മുഖേന അതാത് സ്കൂളുകളിലെ ബയോളജി ടീച്ചർ കൺവീനറായി രൂപീകരിച്ച ഹെൽത്ത് ക്ലബ്ബുകൾവഴി സ്ഥാപനത്തിലും മറ്റ് പട്ടികവർഗ്ഗ സങ്കേതങ്ങളിലും ആരോഗ്യ പരിപാലന ബോധവൽക്കരണ ക്ലാസ്സുകളും ശുചിത്വ പരിപാടികളും നടത്തുക എന്നീ കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) കുടുംബശ്രീ, ആരോഗ്യ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നിർവ്വഹിക്കുന്നത്.

(ഡി) പദ്ധതിയുടെ നടത്തിപ്പിനായി ഹെൽത്ത് ക്ലബ്ബുകൾ അതാത് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ രൂപീകരിച്ചു പ്രവർത്തനം നടത്തുന്നതാണ്. പ്രസ്തുത ഹെൽത്ത് ക്ലബ്ബുകളിൽ സ്കൂൾ പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ ചെയർമാനും, പ്രാഥമിക ആരോഗ്യ

LIBRARY ARCHIVES Kerala Legislative Assembly